KSFE

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

8471./Cir 11.09.2024

**<u>സർക്കുലർ നമ്പർ : 38 /2024(GAD)</u>**

വിഷയം : ഓണാവധി ദിവസങ്ങളിലും മറ്റ് തുടർച്ചയായ അവധിദിവസങ്ങളിലും ശാഖ/ ഓഫീസുകളിൽ പ്രത്യേകമായി സ്വീകരിക്കേണ്ട സുരക്ഷാമാനദണ്ഡങ്ങൾ – സംബന്ധിച്ച്.

സൂചന : സർക്കുലർ നം. 53/2013 (GAD) dated 11.09.2013

ഓണത്തിനോടനുബന്ധിച്ച് 2024 സെപ്തംബർ 14 മുതൽ 17 വരെ തുടർച്ചയായ 4 ദിവസങ്ങൾ ഓഫീസുകൾ അവധിയായതിനാൽ നമ്മുടെ ശാഖ/ഓഫീസുകളുടെ സുരക്ഷയ്ക്കായി താഴെപറയുന്ന സുരക്ഷാമാനദണ്ഡങ്ങൾ പ്രത്യേകമായി സ്വീകരിക്കേണ്ടതാണ്.

1. വളരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ശാഖകൾ, മേഖലാകാര്യാലയത്തിന്റെ അനുമതിയോടെ ആവശ്യമുള്ളപക്ഷം ഒരു സെക്യൂരിറ്റി ഗാർഡിനെ നിയമിക്കേണ്ടതാണ്.
2. സിസിടിവി സംവിധാനമുള്ള ശാഖകൾ/ഓഫീസുകൾ അവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ശാഖ മാനേജർ /യൂണിറ്റ് തലവന്മാർ സ്മാർട്ട് ഫോൺ വഴി കൃത്യമായി Monitor ചെയ്യേണ്ടതുമാണ്.
3. ഏതെങ്കിലും ഒരു സ്ഥിരം ജീവനക്കാരൻ Rotation അടിസ്ഥാനത്തിൽ എല്ലാ ദിവസവും ശാഖയിൽ നിർബന്ധമായും വരികയും അസ്വാഭാവികമായി , ഒന്നുംതന്നെ ശാഖയിൽ നടന്നിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അസ്വാഭാവികമായി എന്തെങ്കിലും കാണുകയോ സംഭവിക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട മേഖലാകാര്യാലയത്തിനെ ശാഖാമാനേജർ മുഖാന്തിരം അറിയിച്ചുകൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. അവധിദിവസങ്ങളിൽ മേല്പറഞ്ഞ പ്രകാരം ശാഖകളിൽ വരുന്ന ജീവനക്കാർ നിയമപ്രകാരമുള്ള compensatory off ന് അർഹരാണ് .
5. അഞ്ചുകോടിയിലധികം സ്വർണപ്പണയ വായ്പയുള്ള ശാഖകൾ, ആവശ്യമുള്ളപക്ഷം ബന്ധപ്പെട്ട മേഖലാകാര്യാലയത്തിന്റെ അനുമതിയോടുകൂടി ഒരു സെക്യൂരിറ്റി ഗാർഡിനെ നിയമിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് മേഖലാകാര്യാലയങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

**ഡോ. സനിൽ എസ്.കെ.**
**മാനേജിംഗ് ഡയറക്ടർ**

എല്ലാ യൂണിറ്റ് തലവന്മാർക്കും

പകർപ്പ്

1 . ശാഖാതലവൻമാർ
2. എ ജി എം (റീജിയൺ)
3. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് തലവൻമാർക്കും
4 . ഐ.എ .ഡി .ടീമുകൾ / പ്രിവന്റീവ് വിജിലൻസ് ടീമുകൾ
5 . എസ്.ഡി .റ്റി ആപ്പീസുകൾ
6. എം .ഡി യുടെ പി .എ